# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- കാസർഗോഡ് ജില്ലയിലെ കിനാനൂർ-കരിന്തളം ഗ്രാമ പഞ്ചായത്തിലെ ദിവസവേതന ഡ്രൈവർ ശ്രീ. രാജേഷ്.പി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത O.A 1343/15 ാം നമ്പർ കേസ്സിന്റെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സഉ(സാധാ) നം.**1565/2016**/തസ്വഭവ തീയതി, തിരുവനന്തപുരം, **29/04/2016**

---

പരാമർശം : 1) OA 1343/15 നമ്പർ കേസ്സിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 17/08/2015 ലെ വിധിന്യായം.

2) പഞ്ചായത്ത് ഡയറക്ടറുടെ 09/02/2016 ലെ ഇ 10-4849/16 നമ്പർ കത്ത്.

3) സഉ(കൈ) നമ്പർ 232/15/തസ്വഭവ തീയതി. 09.07.2015.

## ഉത്തരവ്

കാസർഗോഡ് ജില്ലയിലെ കിനാനൂർ-കരിന്തളം ഗ്രാമ പഞ്ചായത്തിലെ ദിവസവേതന ഡ്രൈവർ ശ്രീ. രാജേഷ്.പി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത O.A 1343/15 മേലുള്ള 17/08/2015 തീയതിയിലെ വിധിന്യായത്തിൽ, വിധിന്യായം ലഭിച്ച് ഒരുമാസത്തിനകം രണ്ടാം കക്ഷിയായ കാസർഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ തന്റെ അഭിപ്രായം സഹിതം അനക്സർ എ 4 ഒന്നാം കക്ഷിയായ സർക്കാരിൽ ലഭ്യമാക്കേണ്ടതും തുടർന്ന് ഒന്നാം എതിർകക്ഷിയായ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ടിയാന്റെ നിയമനക്രമവൽക്കരണം സംബന്ധിച്ച വിഷയത്തിൽ ടിയാനെ നേരിൽ കേട്ട് മൂന്നുമാസത്തിനുള്ളിൽ തീരുമാനമെടുക്കണമെന്ന് നിർദ്ദേശിച്ച് പരാമർശം 1 പ്രകാരം ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവായിരുന്നു.

മേൽ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 09/02/2016 ൽ തദ്ദേശ സ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി, ശ്രീ. രാജേഷ്.പിയെ നേരിൽക്കേൾക്കുകയുണ്ടായി. കാസർഗോഡ് ജില്ലയിലെ കിനാനൂർ-കരിന്തളം ഗ്രാമ പഞ്ചായത്ത് ഉൾപ്പെടുന്ന 13 ഗ്രാമ പഞ്ചായത്തുകളിൽ പുതിയ ഡ്രൈവർ തസ്തിക സർക്കാർ സൃഷ്ടിക്കുകയും പ്രസ്തുത ഒഴിവുകളിൽ കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം ജീവനക്കാർ ജോലിയിൽ പ്രവേശിച്ചിട്ടുണ്ടെന്നും ആയതിൻപ്രകാരം കിനാനൂർ-കരിന്തളം ഗ്രാമ പഞ്ചായത്തിലും പി.എസ്.സി മുഖാന്തിരം ജീവനക്കാരൻ പുതുതായി സർവ്വീസിൽ പ്രവേശിച്ചിട്ടുണ്ടെന്നും പരാമർശം 2 ലെ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു പരാമർശം 3 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കിനാനൂർ -കരിന്തളം ഗ്രാമപഞ്ചായത്തിൽ സൃഷ്ടിച്ച ഡ്രൈവർ തസ്തികയിൽ പി.എസ്.സി മുഖേന സ്ഥിരനിയമനം നടത്തിയിട്ടുള്ളതിനാലും, ഗ്രാമപഞ്ചായത്തിൽ ഇപ്പോൾ ഡ്രൈവർ തസ്തിക നിലവിലില്ലാത്തതിനാലും, നിലവിൽ ഡ്രൈവർ ഒഴിവില്ലാത്തതിനാലും ദിവസവേതന വ്യവസ്ഥയിൽ ഡ്രൈവറായി ജോലി ചെയ്തുവരുന്ന ശ്രീ. രാജേഷ്.പി യെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം അംഗീകരിക്കാൻ നിർവ്വാഹമില്ലാത്ത സാഹചര്യത്തിൽ നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 17/08/2015 ലെ വിധിന്യായം ഇപ്രകാരം പാലിക്കപ്പെട്ടിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എൻ. നന്ദകുമാർ**
**ഗവ. ഡെപ്യൂട്ടി സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ,തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
സെക്രട്ടറി, കിനാനൂർ-കരിന്തളം ഗ്രാമപഞ്ചായത്ത് ,കാസർഗോഡ്.
ശ്രീ.രാജേഷ്.പി,ദിവസവേതന ഡ്രൈവർ , കിനാനൂർ-കരിന്തളം ഗ്രാമപഞ്ചായത്ത് ,കാസർഗോഡ്. (ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ